പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T. 660 — 30.06.2016 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ. കളിലെ തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) 2015-16 അധ്യയന വർഷം സംസ്ഥാനത്ത് പുതുതായി എത്ര ഐ.ടി.ഐ. കൾ ആരംഭിച്ചിട്ടുണ്ട്; | (എ) 2015-16 അധ്യയന വർഷം കണ്ണൂർ ജില്ലയിലെ കുത്തുപറമ്പ്, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറ, എലപ്പുള്ളി, കോഴിക്കോട് ജില്ലയിലെ കൊടുവള്ളി, നരിപ്പറ്റ എന്നിവിടങ്ങളിലായി 5 ഐ.ടി.ഐ.കൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഐ.ടി.ഐ.കളിൽ നാളിതു വരെ തസ്തിക സൃഷ്ടിക്കാത്തവ എത്ര; വിശദാംശം നൽകാമോ; | (ബി) കൊഴിഞ്ഞാംപാറ, എലപ്പുള്ളി, കൊടുവള്ളി, നരിപ്പറ്റ, എന്നീ 4 ഐ.ടി.ഐ കളിൽ തസ്തിക സൃഷ്ടിച്ചിട്ടില്ല. |
| (സി) തസ്തിക സൃഷ്ടിക്കാത്ത ഐ.ടി.ഐ. കളിൽ നിലവിൽ എന്ത് സംവിധാനമാണ് നടപ്പാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ; അതിന്റെ പ്രായോഗിക വിഷമതകളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിയ്ക്കാമോ; | (സി) ഐ.ടി.ഐ പ്രവർത്തിക്കുന്ന ജില്ലയിലെ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് സേവനക്രമീകരണ വ്യവസ്ഥയിൽ ഇൻസ്ട്രക്ടർമാരെ നിയോഗിച്ചാണ് ടി ഐ.ടി.ഐ കളിൽ പരിശീലനം നൽകി വരുന്നത്.<br><br>മറ്റ് സ്ഥാപനങ്ങളിൽ നിന്ന് സേവനക്രമീകരണ വ്യവസ്ഥയിൽ ഇൻസ്ട്രക്ടർമാരെ നിയോഗിക്കുമ്പോൾ പ്രസ്തുത സ്ഥാപനത്തിലെ ട്രെയിനിംഗിന് ബുദ്ധിമുട്ട് നേരിടാറുണ്ട്. ആയതിന് പരിഹാരം കാണുന്നതിനായി പ്രവർത്തനം ആരംഭിച്ച എല്ലാ ഐ.ടി.ഐ കളിലും ആവശ്യം വേണ്ട തസ്തിക അനുവദിക്കുന്നത് പരിശോധിച്ചുവരുന്നു. |
| (ഡി) നരിപ്പറ്റ ഗവ: ഐ.ടി.ഐ. യിൽ നിലവിൽ 50 കിലോമീറ്റർ അകലെയുള്ള കൊയിലാണ്ടി ഐ.ടി.ഐ. യിലെ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് ദൈനംദിന ഭരണ സംവിധാനം നടത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ഉണ്ട്. |
| (ഇ) എങ്കിൽ സാങ്കേതിക വിദ്യാഭ്യാസ രംഗത്തുള്ള വിഷമതകൾ നീക്കം ചെയ്യുന്നതിന് പ്രസ്തുത ഐ.ടി.ഐ. കളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) ഭരണാനുമതി ലഭിച്ച എല്ലാ ഐ.ടി.ഐ കളിലും ആവശ്യം വേണ്ട തസ്തിക അനുവദിക്കുന്നത് പരിശോധിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ